**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2538** **24-06-2024 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി എത്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാനായിട്ടുണ്ടെന്നും അതുവഴി എത്ര പേർക്ക് പുതുതായി തൊഴിൽ ലഭ്യമാക്കാനായിട്ടുണ്ടെന്നും വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ 18/06/2024 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 2,65,828 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 17,566 കോടി രൂപയുടെ നിക്ഷേപമാണ് ഉണ്ടായിട്ടുള്ളത്. കൂടാതെ 5,88,127 പേർക്ക് തൊഴിൽ നല്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് ബാങ്കുകൾ മുഖാന്തിരം ഇതുവരെ നൽകിയ വായ്പയുടെ വിവരങ്ങൾ അറിയിക്കാമോ? | (ബി) | സംസ്ഥാന തല ബാങ്കേഴ്സ് സമിതിയിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് സംസ്ഥാനത്തെ ധനകാര്യ ബാങ്കുകൾ മുഖാന്തരം 2021 ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ 2024 മാർച്ച് 31 വരെ 15,59,359 സൂക്ഷ്മ സംരംഭങ്ങൾക്കായി ആകെ 61,81,239 ലക്ഷം രൂപയും 2,06,596 ചെറുകിട സംരംഭങ്ങൾക്കായി ആകെ 50,69,342 ലക്ഷം രൂപയും 25,214 ഇടത്തരം സംരംഭങ്ങൾക്കായി ആകെ 25,33,787 ലക്ഷം രൂപയും മറ്റ് 1471 എം.എസ്.എം,ഇ-കൾക്കായി ആകെ 99,100 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ